# HOLY CROSS CONVENT L.P SCHOOL

## KALPARAMBU

# ACADEMIC MASTERPLAN

## 2025-2026


Holy Cross Convent L. P. School Kalparamba
ഹോളി ക്രോസ് എൽ.പി.സ്കൂൾ കൽപറമ്പ്

## ആമുഖം

**പൊതുവിദ്യാലയങ്ങൾ – മികവിന്റെ കേന്ദ്രങ്ങൾ!**

അനുസ്യൂതം മാറികൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ഇടപ്പെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സമൂഹത്തിന്റെ വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് വിദ്യാലയങ്ങളുടെ ദൗത്യം. ലോകസമാധാനവും സാമൂഹികനീതിയും ഉന്നംവച്ചുള്ള വ്യക്തിഗത പ്രവർത്തനങ്ങളിലൂടെ ജീവിതത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും, മനുഷ്യരുമായും പ്രകൃതിയുമായും അവരുടെ യോജിച്ചുള്ള സഹവർത്തിത്വത്തെക്കുറിച്ചും നമ്മുടെ കുട്ടികളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് കൽപറമ്പ്, ഹോളിക്രോസ് സി.എൽ.പി. സ്കൂൾ  എല്ലാ അധ്യയനവർഷവും മുന്നോട്ട് പോകുന്നത്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമായി മാറ്റാനും, അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചയ്ക്ക് സഹായകരമാകുന്ന രീതിയിലുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

- വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം ശിശുസൗഹൃദപരവും പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായവിധവും ആക്കുക.
- പഠനപ്രവർത്തനങ്ങളിലൂടെ ഓരോ വിദ്യാർത്ഥിക്കും പഠനവും വിദ്യാലയാന്തരീക്ഷവും ആസ്വാദ്യകരമാക്കുക.
- അക്കാദമിക് പ്രവർത്തനങ്ങൾക്ക് പുറമെ കലാ-കായിക-പ്രവൃത്തിപരിചയ മേഖലകളിൽ സജീവമായി പങ്കാളികളാകുക.
- വിദ്യാർത്ഥി - അധ്യാപിക- രക്ഷിതാവ് ബന്ധം കൂടുതൽ ഊഷ്മളമാക്കി കുട്ടികളുടെ പഠനമികവിനെയും വ്യക്തിത്വവളർച്ചയെയും ത്വരിതപ്പെടുത്തുക.
- ലൈബ്രറി, കമ്പ്യൂട്ടർ എന്നിവ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാനുള്ള ശേഷി നേടുക.
- വിദ്യാലയത്തിലെ കളിയുപകരണങ്ങൾ, മൈതാനം എന്നിവ സ്വതന്ത്രമായി ഉപയോഗിക്കാനും അതിലൂടെ സൗഹൃദങ്ങൾ വളരാനും വിട്ടുകൊടുൽ പങ്കുവയ്ക്കൽ സത്യസന്ധത, ആത്മാർപ്പണം, നീതിബോധം തുടങ്ങിയ മൂല്യങ്ങൾ ആർജ്ജിക്കുവാനും പ്രാപ്തരാകുക.
- സമൂഹത്തിൽ പാവപ്പെട്ടവരോടും അവഗണിക്കപ്പെട്ടവരോടും പക്ഷം ചേർന്ന് ദയ. ദീനാനുകമ്പ എന്നിവ  ആർജ്ജിക്കുന്നു

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ

- കുട്ടികളിൽ അച്ചടക്കം. സത്യസന്ധത, കൃത്യനിഷ്ഠ, സൗഹൃദമനോഭാവം എന്നീ ഗുണങ്ങൾ വളർത്തിയെടുക്കുക.
- ശുചിത്വബോധം മെച്ചപ്പെടുത്തൽ
- വിവരസാങ്കേതികവിദ്യയുടെ വികാസം
- സാമൂഹ്യാവബോധം വളർത്തൽ
- കുട്ടികളിലെ കായികക്ഷമത ഉറപ്പാക്കൽ
- മാതൃഭാഷയും ആംഗലേയ ഭാഷയും സംസാരിക്കാനുള്ള കഴിവ് മെച്ചപ്പെടുത്തുന്നു.
- അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള സൗഹാർദ്ദപരമായവിധം പഠനം പുനഃക്രമീകരിക്കുക
- പി.ടി.എ. യുടെ സഹായത്തോടെ വിദ്യാലയപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക

## വിദ്യാലയ ചരിത്രം

1955 ൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനീസമൂഹത്തിന്റെ ഒരു ശാഖ ഹോളിക്രോസ് കോൺവെന്റ് എന്ന പേരിൽ ഈ പ്രദേശത്ത് സ്ഥാപിക്കുകയുണ്ടായി. ഈ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസവും സ്വഭാവരൂപീകരണവും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടക്കണമെന്ന നാനാജാതിമതസ്ഥരായ നാട്ടുകാരുടെ താൽപര്യം പരിഗണിച്ച് നാട്ടുകാർ തന്നെ സ്വരൂപിച്ച പണവും മാനേജ്മെന്റിന്റെ സഹായധനവും ഉപയോഗിച്ച്  ഒന്നുമുതൽ നാലുവരെ 4 ക്ലാസ്സുകൾ ഉൾപ്പെടുത്തി 1977 ൽ സ്കൂൾ കെട്ടിടം പണിതീർത്ത് ഹോളിക്രോസ് കോൺവെന്റ് എൽ.പി. സ്കൂൾ (അൺഎയ്ഡഡ്) എന്ന പേരിൽ അധ്യയനം ആരംഭിച്ചു. 1980 ൽ നഴ്സറി ആരംഭിച്ചു. 1983 ൽ ഈ വിദ്യാലയത്തിന് ഗവൺമെന്റ് അംഗീകാരം ലഭിച്ചു (Holy Cross C.L.P. School [Unaided; Recognised: Malayalam Medium]).

1955 ൽ കാലാകാലങ്ങളിൽ മാറിമാറിവരുന്ന ലോക്കൽ മാനേജരുടെയും ഹെഡ്മിസ്ട്രസ്സിന്റെയും നേതൃത്വത്തിലും പി.ടി.എ, എം.പി.ടി.എ., എസ്.പി.ജി. എന്നിവരുടെ ശക്തമായ പിന്തുണയോടെയും സ്കൂൾ പ്രവർത്തനങ്ങൾ സുഗമമായി നടത്തിവരുന്നു. ഇപ്പോൾ ഈ വിദ്യാലയത്തിൽ  ആറ്  അധ്യാപകരും ഒരു അനധ്യാപികയും 183  വിദ്യാർത്ഥികളും ഉണ്ട്.  9 ക്ലാസ്മുറികൾ, ഒരു ഹാൾ, ടോയ്ലറ്റ്, ഗ്രൗണ്ട്, സ്റ്റേജ്, പാർക്ക് എന്നീ സൗകര്യങ്ങൾ ഉണ്ട്. എല്ലാദിവസവും സ്കൂൾ അസ്സംബ്ളി കുട്ടികളുടെ അഭിരുചിക്കനുസരിച്ചും കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലും നടത്തുന്നു.

സ്പോർട്സ്, പ്രവൃത്തിപരിചയം, ശാസ്ത്രമേള, കലോത്സവം  എന്നിവ സ്കൂൾ തലത്തിൽ നടത്തുകയും ഉപജില്ലാതലമത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനർഹരാകുകയും ചെയ്യാറുണ്ട്. വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ കുട്ടികൾ പങ്കെടുക്കുകയും സംസ്ഥാനതലത്തിലും ദേശീയതലത്തിലും സമ്മാനർഹരായിട്ടുണ്ട്. ദിനാചരണങ്ങൾ, ഓണം, ക്രിസ്തുമസ് ആഘോഷങ്ങൾ  എന്നിവ  ആഘോഷിക്കുന്നു. പാരന്റ്സ് ഡെ, വാർഷികാഘോഷങ്ങൾ എന്നിവ വിപുലമായി നടത്തുന്നു.

2024–2025 വർഷത്തിൽ എൽ.എസ്.എസ്. സ്കോളർഷിപ്പ് എഴുതിയ മൂന്നുവിദ്യാർത്ഥികളും സ്കോളർഷിപ്പിനർഹരായി. ഉപജില്ലാശാസ്ത്രമേളയിൽ ഓവറോൾ നാലാംസ്ഥാനം ഈ വിദ്യാലയം കരസ്ഥമാക്കി.

മേഖല: അക്കാദമികം

ഉപമേഖല: മലയാളം

ക്ലാസ്സ്: 1,2,3,4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലയളവ് |
|---|---|---|---|---|
| ഭാഷാ വികസനം | കേട്ടരങ്ങ്- തീമിനെ അടിസ്ഥാനമാക്കിയുള്ള പാട്ടുകൾ, കഥകൾ എന്നിവ കേട്ട് അവയെക്കുറിച്ച് വാചിക പ്രതികരണം നടത്തുന്നു | അധ്യാപിക | | അക്കാദമിക വർഷം |
| മാതൃഭാഷ എഴുതാനും വായിക്കാനും കഴിവ് നേടുക | അക്ഷരകാർഡ് ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും ഉറപ്പിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം കേട്ടെഴുത്ത്. ദൈനംദിന ഡയറി ചിത്രം ഉൾപ്പെടുത്തി എഴുതുന്നു | അധ്യാപിക | | അക്കാദമിക വർഷം |
| രചനാമികവ് | ചെറിയ പതിപ്പുകൾ, സ്വന്തം രചനകൾ പ്രദർശിപ്പിക്കൽ. കഥ, കവിത വേദിയരങ്ങ് | അധ്യാപിക | പി.ടി.എ. | അക്കാദമിക വർഷം |
| ആശയാവതരണം | ചിത്രനിരീക്ഷണം, പ്രകൃതി നിരീക്ഷണം, ബാലസാഹിത്യകൃതികളുടെ വായന എന്നിവയിലൂടെ ആശയം ഗ്രഹിച്ച് പറയുകയും അഭിനയിക്കുകയും ചെയ്യുന്നു.കഥയെ ആസ്പദമാക്കി സംഭാഷണം രൂപപ്പെടുത്തുന്നു. | അധ്യാപിക പി.ടി.എ. | പി.ടി.എ | അക്കാദമിക വർഷം |
| വായനാശേഷി പരിപോഷണം | വായനകളരി നടത്തുന്നു.ക്ലാസ് വായനാകൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, അസംബ്ളിയിൽ പാഠപുസ്തക വായന എന്നിവ ഒരുക്കുന്നു. ലൈബ്രറി നോട്ട് തയ്യാറാക്കുന്നു. | അധ്യാപിക പി.ടി.എ. | പി.ടി.എ | അക്കാദമിക വർഷം |

മേഖല: അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ്

ക്ലാസ്സ്: 1,2,3,4

| Goal | Activity | Agency | Finance | Duration |
|---|---|---|---|---|
| Listening | Give Chance to hear simple poems, stories and conversations through video classes. Motivate children by hearing English news, conversations in different situations in class rooms. | Class teacher | | Academic year |
| Reading | Motivate children to read English word cards, simple story books, newspaper etc. | Class teacher | | Academic year |
| Writing | Write simple sentences and conversations in copy book. Write new words from the lessons and making English dictionary. Write descriptions by using picture chart. | Class teacher | | Academic year |
| Communicating | Prepare children for self-introduction. Conduct English assembly twice in a week, story telling, conversation in class rooms. | Class teacher | | Academic year |

മേഖല: അക്കാദമികം

ഉപമേഖല: പരിസരപഠനം

ക്ലാസ്സ്: 1,2,3,4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലയളവ് |
|---|---|---|---|---|
| പാഠപുസ്തകത്തിൽനിന്നും പ്രകൃതിയിലേക്കും ചുറ്റുപാടുകളിലേക്കും | പ്രകൃതി നടത്തം- പ്രകൃതി നിരീക്ഷിച്ച് സസ്യങ്ങൾ, ഔഷധസസ്യങ്ങൾ, പൂക്കൾ, ഫലങ്ങൾ എന്നിവ കണ്ടെത്തി തരം തിരിച്ചെഴുതുന്നു (പാടം, പൂന്തോട്ടം, പച്ചക്കറി തോട്ടം etc.). സമീപമുള്ള പൊതുമേഖല സ്ഥാപനങ്ങൾ സന്ദർശിക്കൽ | അധ്യാപിക പി.ടി.എ. | | അക്കാദമിക വർഷം |
| ശാസ്ത്രബോധം വളർത്തുക | മാസത്തിലൊരിക്കൽ ഓരോ ക്ലാസ്സുകളിലും സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഘുപരീക്ഷണങ്ങൾ ചെയ്യുന്നു. നിരീക്ഷണകുറിപ്പുകൾ തയ്യാറാക്കുന്നു. ശാസ്ത്രമൂല തയ്യാറാക്കുന്നു. | അധ്യാപിക | | അക്കാദമിക വർഷം |
| പ്രകൃതിവിഭവ സംരക്ഷണം | പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് ഹരിതകർമ്മ സേനാംഗങ്ങൾക്ക് കൈമാറാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു. സ്കൂളിലെ മഴവെള്ളസംഭരണി പരിചയപ്പെടുത്തുന്നു. | അധ്യാപിക | പി.ടി.എ. | അക്കാദമിക വർഷം |
| കൃഷിയെ അറിയാൻ കർഷകരിലേക്ക് | കർഷകരുമായുള്ള അഭിമുഖം. പച്ചക്കറിതോട്ടം, പൂന്തോട്ട നിർമ്മാണം. ബോധവത്ക്കരണ ക്ലാസ്സുകൾ, വീഡിയോ പ്രദർശനം. | അധ്യാപിക പി.ടി.എ. എസ്.പി.ജി. | പി.ടി.എ | അക്കാദമിക വർഷം |

മേഖല: അക്കാദമികം

ഉപമേഖല: ഗണിതം

ക്ലാസ്സ്: 1,2,3,4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലയളവ് |
|---|---|---|---|---|
| ഗണിതം ലളിതം | ഗണിത കിറ്റ് നിർമ്മാണം കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. വീഡിയോ ക്ലാസ് പ്രയോജനപ്പെടുത്തുന്നു. | അധ്യാപിക | | അക്കാദമിക വർഷം |
| സംഖ്യാബോധം വളർത്തുക | സംഖ്യാകാർഡ് ഉപയോഗിച്ച് നിശ്ചിത എണ്ണം എണ്ണിയെടുക്കുക.അബാക്കസ് ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കുന്നു. | അധ്യാപിക | | അക്കാദമിക വർഷം |
| ചതുഷ്ക്രിയകൾ ലളിതമാക്കൽ | ഗ്രൂപ്പുകളായി തിരിച്ച് പെൻസിലുകൾ, മുത്തുകൾ എന്നിവ ഉപയോഗിച്ച് സങ്കലനവും വ്യവഹാരവും ഉറപ്പിക്കുന്നു. പാമ്പും കോണിയും, കച്ചവടക്കളികൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. | അധ്യാപിക | പി.ടി.എ. | അക്കാദമിക വർഷം |
| ജ്യാമിതീയ രൂപങ്ങളുടെ ധാരണ ഉറപ്പിക്കൽ | ഈർക്കിൽ, വളകൾ എന്നിവ ഉപയോഗിച്ച് ചതുരം, വൃത്തം, ത്രികോണം എന്നിവ നിർമ്മിക്കുന്നു. ജ്യാമിതീയ പാറ്റേൺ രൂപീകരിക്കുന്നു. | അധ്യാപിക<br>പി.ടി.എ. | പി.ടി.എ | അക്കാദമിക വർഷം |
| സമയം കണ്ടെത്താൻ പരിശീലനം<br><br>നീളം, വീതിയും കണ്ടെത്തൽ | ക്ലോക്ക് പരിചയപ്പെടുത്തുന്നു. ക്ലോക്ക് നിർമ്മിക്കുന്നു.<br>കുട്ടികളുടെ കയ്യിലുള്ള പെൻസിൽ, പുസ്തകം. മേശ എന്നിവയുടെ നീളം, വീതി കണ്ടെത്തുന്നു | അധ്യാപിക | | അക്കാദമിക വർഷം |

മേഖല: അക്കാദമികം

ഉപമേഖല: IT

ക്ലാസ്സ്: 1,2,3,4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലയളവ് |
|---|---|---|---|---|
| കമ്പ്യൂട്ടറിനെ അറിയുക | കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നു. സ്മാർട്ട് ക്ലാസ് പദ്ധതിയിലൂടെ പഠനം കൂടുതൽ ആകർഷകമാക്കുന്നു. | സ്കൂൾ അധികൃതർ, പി.ടി.എ, ഒ.എസ്.എ. | | അക്കാദമിക വർഷം |
| വിവരസാങ്കേതികവിദ്യയുടെ എല്ലാ നൂതനതലങ്ങളിലും പരിചയം നേടുക | മാസത്തിലൊരിക്കൽ IT ക്വിസ്സ് നടത്തുക. Digital painting ൽ പരിശീലനം നൽകുന്നു. | അധ്യാപിക | | അക്കാദമിക വർഷം |

## <u>ഉപസംഹാരം</u>

ലഹരിയുടെയും അക്രമത്തിന്റെയും പിടിയിൽനിന്നും മൂല്യച്യുതിയിൽനിന്നും വിടുവിച്ച് കുട്ടികളുടെ മനസ്സിനും ബുദ്ധിയ്ക്കും ഉണർവ്വേകുന്ന അക്കാദമികപ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ സമഗ്രവ്യക്തിത്വ വളർച്ചയും വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിയും ലക്ഷ്യമാക്കി തയ്യാറാക്കിയിരിക്കുന്ന കല്പറമ്പ്, ഹോളിക്രോസ് സി.എൽ.പി. സ്കൂളിന്റെ 2025 –2026 വർഷത്തേയ്ക്കുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ ഞങ്ങൾ സമർപ്പിക്കുന്നു.

*********************************************************************************